II.ഇ.ബി. XII--കേരള നിയമസഭ/IV--9

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

ചോദ്യോത്തരങ്ങൾ–സംഗ്രഹം

2007 മാർച്ച് 16, വെള്ളി

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

57 (*241) പാട്ടത്തിന് നൽകിയിട്ടുള്ള സർക്കാർ ഭൂമി

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) നൽകിയ മറുപടിയിൽ, പാട്ടത്തിന് സർക്കാർ ഭൂമി അനുവദിച്ചിട്ടുള്ള ചില കേസ്സുകളിൽ പാട്ടവ്യവസ്ഥയ്ക്ക് വിരുദ്ധമായി മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കോഴിക്കോട് ജില്ലയിലെ കടലുണ്ടി വില്ലേജിൽ പീവീസ് പെട്രോളിയം പ്രൊഡക്ട്സിന് ലീസിന് നൽകിയിരുന്ന 40.52 ഏക്കർ ഭൂമി മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായി കണ്ടതിനാൽ 6–11–2006–ലും തൃശൂർ ജില്ലയിലെ ഹാരിസൺ മലയാളം ലിമിറ്റഡിന് പാട്ടത്തിന് നൽകിയിരുന്ന 22.45 ഹെക്ടർ വനഭൂമി പാട്ട ഉടമ സബ് ലീസ് നൽകിയത് ശ്രദ്ധയിൽപ്പെട്ടതിനാൽ 8.2.2007–ലും സർക്കാരിലേയ്ക്ക് തിരിച്ചെടുത്തു. ആലപ്പുഴ ജില്ലയിലെ പാട്ടഭൂമി ആളുകൾ താമസത്തിന് ഉപയോഗിക്കുന്നതായി കണ്ടതിനെത്തുടർന്ന് നടപടി സ്വീകരിച്ചുവരുന്നു. എറണാകുളം ജില്ലയിൽ കൊച്ചി താലൂക്കിൽ 280

കേസുകളിലും ഇടുക്കിയിൽ 6 കേസുകളിലും കൊല്ലത്ത് 7 കേസുകളിലും കോട്ടയത്ത് 42 കേസുകളിലും കോഴിക്കോട് 5 കേസുകളിലും പത്തനംതിട്ടയിൽ ഒരു കേസിലും ഭൂമി അനധികൃതമായി കൈമാറിയതുൾപ്പെടെ വിവിധ തരത്തിൽ പാട്ട വ്യവസ്ഥ ലംഘിച്ചതായി കണ്ടെത്തിയിട്ടുണ്ട്. ഇത്തരം കേസുകളിൽ ഭൂമി തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിൽ പാട്ടവ്യവസ്ഥ കൃത്യമായി പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ സർക്കാർ നടപടി സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ 18 സ്ഥാപനങ്ങളുടെ പാട്ടത്തിനുകൊടുത്ത ഭൂമി ഇതിനകം തിരിച്ചെടുത്തുകഴിഞ്ഞു. ലീസിന് കൊടുത്തിട്ടുള്ളതിൽ വളരെ കുറച്ചു സ്ഥാപനങ്ങൾ മാത്രമേ പാട്ടവ്യവസ്ഥ അനുസരിച്ച് ഗവൺമെന്റിലേയ്ക്ക് സംഖ്യ അടയ്ക്കുന്നുള്ളൂ. പാട്ട വ്യവസ്ഥകൾ ലംഘിക്കുന്ന കണ്ണായ സ്ഥലങ്ങൾ കണ്ടെത്തി ഗവൺമെന്റിന് മുതൽക്കൂട്ടാക്കാൻ ശ്രമിക്കേണ്ടാതാണെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. 1996–98–ലെ നിയമസഭാ പെറ്റീഷൻസ് കമ്മിറ്റി 20.11.1997–ൽ നിയമസഭയിൽ സമർപ്പിച്ച നാലാമത് റിപ്പോർട്ടുപ്രകാരം തിരുവനന്തപുരം പട്ടണത്തിലെ ഗോൾഫ് ക്ലബ് 44.59 കോടി രൂപയാണ് പാട്ടക്കുടിശ്ശിക വരുത്തിയിരിക്കുന്നത്. പാട്ടത്തിന് നൽകിയിട്ടുള്ള ഭൂമിയുടെ പാട്ടത്തുക നിശ്ചിത കാലയളവിൽ പുതുക്കാത്തതുമൂലം സർക്കാരിന് ഭീമമായ നഷ്ടമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 14.5.2004–ലെ ഉത്തരവുപ്രകാരം മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിൽ പാട്ടനിരക്ക് പുതുക്കുകയും പഞ്ചായത്ത് പ്രദേശങ്ങളിൽ പാട്ടനിരക്ക് പുതുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. 1985–ൽ പഞ്ചായത്ത് ഏരിയകളിൽ ഏക്കറിന് ഒന്നര രൂപയായി നിശ്ചയിച്ചിട്ടുള്ള പാട്ടസംഖ്യ ഇതുവരെ

പുതുക്കിയിട്ടില്ല. മുനിസിപ്പൽ/കോർപ്പറേഷൻ ഏരിയകളിൽ 2004–ൽ മാർക്കറ്റ് വിലയുടെ 2.5% ആയി പാട്ട സംഖ്യ നിശ്ചയിച്ചിട്ടുണ്ടെങ്കിലും അത് അധികമാരും അടച്ചിട്ടില്ല. കുടിശ്ശികയുള്ള 52 കോടി രൂപയിൽ 46 കോടി രൂപ ഗവൺമെന്റ് എഴുതിത്തള്ളുകയുണ്ടായി. അനധികൃതമായി റവന്യൂ മിച്ച ഭൂമി പതിച്ചുകൊടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അതിനെതിരെ ശക്തമായ നടപടി സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ ജില്ലാകളക്ടറുടെ നേതൃത്വത്തിൽ 40 ഉദ്യോഗസ്ഥർ അടങ്ങുന്ന സ്പെഷ്യൽ ടീം 7 വില്ലേജുകൾ പരിശോധിക്കുകയും 15 ഉദ്യോഗസ്ഥരെ ഇതിനകം സസ്പെൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇനിയും കുറച്ചുപേരെക്കൂടി സസ്പെൻഡ് ചെയ്യേണ്ടിവരുമെന്നാണ് മനസ്സിലാക്കുന്നത്. ഹൈക്കോടതി കേസിനെത്തുടർന്ന് മൂന്നാർ ടാറ്റാ ടീ കമ്പനിയുടെ പാട്ടഭൂമി എൻ.ആർ.എസ്.എ.യെക്കൊണ്ട് അളന്നു തിട്ടപ്പെടുത്തി അതിന്റെ സ്കെച്ചും മാപ്പും തയ്യാറാക്കുന്ന നടപടി എടുത്തിട്ടുണ്ട്. എൻ.ആർ.എസ്.എ.യുടെ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ അതിൽ എത്രയും വേഗം തീരുമാനമുണ്ടാകുന്നതാണ്. പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഊർജ്ജിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. പാട്ടവ്യവസ്ഥകൾ കൃത്യമായി പാലിച്ചുകൊണ്ടും തോട്ടങ്ങളെയും തോട്ടം തൊഴിലാളികളെയും സംരക്ഷിച്ചുകൊണ്ടുംമാത്രമേ പാട്ടഭൂമിയിൽ ടൂറിസ്റ്റ് റിസോർട്ടുകളും മറ്റും പണിയുന്നതിന് സംബന്ധിച്ച് തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. മലപ്പുറം ജില്ലയിൽ പീവീസ് പെട്രോളിയം പ്രോഡക്ട്സിന് ലീസിനുകൊടുത്ത 41.4 ഏക്കർ ഭൂമി തിരിച്ചെടുത്തിട്ടുണ്ട്. ഇത്തരം സ്ഥലങ്ങൾ കണ്ടുപിടിച്ച് സംരക്ഷിക്കാനും പൊതു ആവശ്യങ്ങൾക്ക് ഉപയോഗിക്കാനും കഴിയുന്ന

വിധത്തിൽ ഒരു ലാന്റ് ബാങ്ക് രൂപീകരിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. .മലപ്പുറം ജില്ലയിൽ പ്രസ് ക്ലബ്ബിന് പാട്ടത്തിനുകൊടുത്ത ഭൂമി ഏറ്റെടുത്ത് സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാട്ടത്തിനെടുത്ത ഭൂമി കൊമേഴ്സ്യലായി ഉപയോഗിക്കുന്നവർ വളരെയധികം ലാഭമുണ്ടാക്കുന്നതായി റിപ്പോർട്ടുകളുണ്ട്. എന്നാൽ പ്രസ് ക്ലബ്, ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷനുകൾ, വനിതാ കൊമേഴ്സ്യൽ ബാങ്ക്, വനിതാ ക്ലബ് തുടങ്ങിയ സ്ഥാപനങ്ങളോട് അനുഭാവപൂർവ്വമായ സമീപനം സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

58 (*242) സഹകരണ ആശുപത്രികൾ

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) നൽകിയ മറുപടിയിൽ, എല്ലാ നിയോജകമണ്ഡലങ്ങളിലും സഹകാരികളുടെ മുൻകയ്യോടെ ഓരോ സഹകരണ ആശുപത്രിവീതം സ്ഥാപിക്കുന്നതിന് സർക്കാരിന് സമ്മതമാണെന്ന് സഭയെ അറിയിച്ചു. അതുസംബന്ധിച്ച തീരുമാനം 2006 ഒക്ടോബർ 10-ന് നിയമസഭയിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് പ്രത്യേക നിർദ്ദേശം ഇറക്കുന്ന കാര്യം ആലോചനയിലാണ്. സംസ്ഥാനത്ത് ആകെ 127 സഹകരണ ആശുപത്രികൾ ഉണ്ട്. (തിരുവനന്തപുരം-3, കൊല്ലം-15, പത്തനംതിട്ട-2, ആലപ്പുഴ-7, കോട്ടയം-8, ഇടുക്കി-10, എറണാകുളം-4, തൃശ്ശൂർ-9, പാലക്കാട്-4, മലപ്പുറം-14, കോഴിക്കോട്-17, വയനാട്-4, കണ്ണൂർ-16, കാസർഗോഡ്-14) സഹകരണ മേഖലയിൽ അതാതു മണ്ഡലങ്ങളിലെ എം.എൽ.എ.യും എം.പി.യും പഞ്ചായത്ത് പ്രതിനിധികളുമടങ്ങുന്ന സഹകാരികൾ മുൻകയ്യെടുത്ത് ഷെയർ മൂലധനവും ഓഹരിയുമെടുത്ത്

പ്രവർത്തനമാരംഭിക്കുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുമ്പോൾ ഗവൺമെന്റ് അതിന് അനുമതിയും നിയമപരമായ എല്ലാ സഹായങ്ങളും നൽകുന്നതാണ്. ഗവൺമെന്റ് ആശുപത്രികളിൽ സൗകര്യം കുറവായതുകൊണ്ട് അതിനു സപ്ലിമെന്ററിയായിട്ടാണ് സഹകരണ ആശുപത്രികൾ സ്ഥാപിക്കുന്നത്. സഹകരണമേഖലയിൽ ഏതു സഹകാരികൾക്കും നിയമപരമായ മാനദണ്ഡങ്ങളനുസരിച്ച് ആശുപത്രികൾ സ്ഥാപിക്കുന്നതിനുള്ള പൂർണ്ണ സ്വാതന്ത്ര്യമുണ്ട്. സഹകരണ ആശുപത്രികളുടെ എണ്ണത്തിന്റെ കാര്യത്തിൽ പരിധിയില്ല. ഏറ്റവും കുറഞ്ഞ ചെലവിൽ ഏറ്റവും നല്ല ചികിത്സ ലഭ്യമാക്കുന്ന ആശുപത്രികൾ സഹകരണ മേഖലയിൽ ഉണ്ടാകണമെന്നതാണ് ഗവൺമെന്റിന്റെ അഭിപ്രായം. കാര്യക്ഷമമായ മാനേജുമെന്റിന്റെ അഭാവംകൊണ്ടാണ് സഹകരണ ആശുപത്രികൾ നഷ്ടത്തിലാകുന്നത്. ആതുര ശുശ്രൂഷാ രംഗത്ത് കേരളത്തിന് മാതൃകയായ പെരിന്തൽമണ്ണയിലെ ഇ.എം.എസ്. സ്മാരക ആശുപത്രിക്കാവശ്യമായ എല്ലാ സംരക്ഷണവും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നതാണ്. ഗവൺമെന്റ് ആശുപത്രികളിലും സഹകരണ ആശുപത്രികളിലും വേണ്ടത്ര ഡോക്ടർമാരില്ലെന്നുള്ളതാണ് കേരളത്തിലെ ഏറ്റവും വലിയ പ്രശ്നം. ഉള്ള ഡോക്ടർമാർ തന്നെ അനധികൃതമായി ലീവെടുത്ത് വിദേശത്തുപോവുകയാണ്. ആരോഗ്യ വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ട് സഹകരണ ആശുപത്രികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി യുദ്ധകാലാടിസ്ഥാനത്തിലുള്ള നിലപാട് സ്വീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. സർക്കാർ ആശുപത്രികളിലെപ്പോലെ സഹകരണ ആശുപത്രികളിലെ ചികിത്സയ്ക്കും സർക്കാർ ജീവനക്കാർക്ക് മെഡിക്കൽ റീ–ഇംബേഴ്സ്മെന്റ് നൽകുന്ന കാര്യം

പരിശോധിക്കുന്നതാണ് മെഡിക്കൽ സർവ്വീസിലും ഹെൽത്ത് സർവ്വീസിലുമുള്ള 600-ഓളം ഡോക്ടർമാർ unauthorised absent ആണെന്നും. അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്നതു സംബന്ധിച്ച് 15 ദിവസത്തിനുള്ളിൽ വിശദീകരണം നൽകിയില്ലെങ്കിൽ ടെർമിനേറ്റ് ചെയ്യുമെന്നന്ന് കാണിച്ചുകൊണ്ട് പത്രങ്ങൾ വഴി നോട്ടീസ് കൊടുത്തിട്ടുണ്ടെന്നും ടെർമിനേഷൻ കഴിഞ്ഞാൽ മാത്രമേ വേക്കൻസി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയുകയുള്ളൂവെന്നും. ആരോഗ്യവകുപ്പിന് കിട്ടിയിട്ടുള്ള നിവേദനത്തെത്തുടർന്ന് ഇ.എം.എസ്. സ്മാരക ആശുപത്രി, എ.കെ.ജി. ആശുപത്രി, തലശ്ശേരി സഹകരണ ആശുപത്രി എന്നീ ആശുപത്രികളെ റീ-ഇംബേഴ്സ്മെന്റ് നൽകുന്ന പട്ടികയിലുൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും യാതൊരു തരത്തിലുള്ള ഉപാധികളോ നിബന്ധനകളോ ഇല്ലാതെ പൂർണ്ണമായും ഹെൽത്ത് സർവ്വീസ് എന്നാണ് ഉദ്ദേശിക്കുന്നതെങ്കിൽ ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിൽ സഹകരണ ബാങ്കിന്റെ പണമുപയോഗിച്ച് കെട്ടിടം നിർമ്മിക്കാൻ അനുവാദം നൽകുന്നതാണെന്നും ഉപചോദ്യങ്ങളിലിടപെട്ടുകൊണ്ട് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി അറിയിച്ചു. സഹകരണ ആശുപത്രികളിൽ നീതി മെഡിക്കൽ സ്റ്റോറുകൾ വഴി മരുന്ന് ലഭ്യമാക്കാൻ പല മരുന്നുകമ്പനികളും തയ്യാറാകുന്നില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ആരോഗ്യ വകുപ്പും സഹകരണ വകുപ്പുംചേർന്ന് ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ കുറെയധികം കമ്പനികൾ മരുന്ന് ലഭ്യമാക്കാൻ തയ്യാറായിട്ടുണ്ട്. കേരളത്തിലെ സഹകരണ മേഖലയിൽ

അടിസ്ഥാനപരമായി എറ്റവും കൂടുതൽ സൗകര്യങ്ങളുള്ള കൊച്ചി സഹകരണ മെഡിക്കൽ കോളേജിനെ ഒരു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്ന കാര്യം ഗൗരവമായി പരിഗണിക്കുന്നതാണ്. ശബരിമലയിൽ സഹകരണ മെഡിക്കൽ കോളേജ് ആശുപത്രി സ്ഥാപിക്കുന്നതിനാവശ്യമായ എല്ലാ സംവിധാനവും ലഭ്യമാകുമെന്നുറപ്പുണ്ടെങ്കിൽ അതുസംബന്ധിച്ച് ആലോചിക്കാവുന്നതാണ്. നൂറനാട് ലെപ്രസി ആശുപത്രിയോട് ചേർന്ന് ഉപയോഗശൂന്യമായി കിടക്കുന്ന സ്ഥലത്ത് സഹകരണ ആശുപത്രി സ്ഥാപിക്കുന്ന കാര്യം ഗൗരവമായി പരിശോധിക്കുന്നതാണ്. സംസ്ഥാന സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ഒരു കാർഡിയോളജി ബ്ലോക്ക് നിർമ്മിച്ചുനൽകുമെന്ന മുൻഗവൺമെന്റ് പ്രഖ്യാപനം പരിശോധിക്കുന്നതാണ്. സഹകരണ ആശുപത്രികളിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കാര്യക്ഷമമായി നിർവ്വഹിക്കാനാവശ്യമായ ഗൈഡ്‌ലൈൻസ് സഹകരണ വകുപ്പിൽ നിന്നും നൽകുന്നതാണെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി..

59 (*243) <u>സബർബൻ തീവണ്ടികൾ</u>

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) നൽകിയ മറുപടിയിൽ, കേരളത്തിലെ നഗരങ്ങളിൽ സബർബൻ തീവണ്ടികൾ ഓടിക്കണമെന്ന ആവശ്യം കേന്ദ്രസർക്കാരിന്റെ മുമ്പാകെ ഉന്നയിച്ചിട്ടുണ്ടെന്നും 2007–08 റെയിൽ ബഡ്ജറ്റിൽ എം.ഇ.എം.യു. (മെയിൻ ലൈൻ ഇലക്ട്രിക്കൽ മൾട്ടിപ്പിൾ യൂണിറ്റ്) ട്രെയിനുകൾക്ക് വേണ്ടിയുള്ള പരിശോധനയ്ക്കും അത് കൊല്ലത്ത് സ്ഥാപിക്കുന്നതിനുംവേണ്ടി 7 കോടി രൂപ

വകയിരുത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സബർബൻ ട്രെയിനുകൾ ഓടിക്കുന്നതിനുള്ള എം.ഇ.എം.യു. എന്ന ആശയത്തിന്റെ ഉറവിടം ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനാണ്. രാജ്യത്തിന്റെ ലൈഫ്ലൈൻ എന്നുള്ള നിലയിലാണ് ഇത് ആവിഷ്ക്കരിക്കുന്നത്. ബോംബെ, ചെന്നൈ, കൽക്കട്ട എന്നീ കൊമേഴ്സ്യൽ സിറ്റികളുടെ തുടർച്ചയായിട്ടാണ് കേരളത്തിലും ഇത് ആരംഭിച്ചിട്ടുള്ളത്. കേരളത്തിലെ റെയിൽ ലൈനുകളിൽ ഡബിളിംഗും ഇലക്ട്രിഫിക്കേഷനും നടത്തിയാൽ മാത്രമേ സബർബൻ ട്രെയിനുകൾ നടപ്പിലാക്കാൻ കഴിയുകയുള്ളൂ. ഡബിളിംഗ് നടത്തിയ കൊല്ലം സെന്ററിലാണ് ഇതിപ്പോൾ നടപ്പിലാക്കുന്നത്. തെക്കൻ ഭാഗത്തെ ഡബിളിംഗിനുവേണ്ടി ബഡ്ജറ്റിൽ 153 കോടി രൂപ അനുവദിച്ചിട്ടുണ്ട്; അത് ഈ വർഷം പൂർത്തിയാകും. കൊല്ലത്തും പാലക്കാടും സബർബൻ ട്രെയിനുകൾ വേണമെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. കൊല്ലത്ത് എം.ഇ.എം.യു. കാർഷെഡ് ഫാത്തിമ കോളേജിന്റെ ഭാഗത്ത് സ്ഥാപിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ വർഷംതന്നെ സബർബൻ ട്രെയിനുകൾ ഓടിക്കുക എന്നതാണ് ലക്ഷ്യം. സബർബൻ ട്രെയിൻ 8 പ്രത്യേക ബോഗികളുള്ള ഫാസ്റ്റ് ട്രെയിനുകളാണ്. ടൗണുകളെത്തമ്മിൽ ബന്ധിപ്പിക്കുന്നതിന് പ്രത്യേകം പ്ലാറ്റ്ഫോമും പ്രത്യേക സ്റ്റോപ്പും ഇതിന് ആവശ്യമാണ്. കൊച്ചി മെട്രോ റെയിൽ പദ്ധതി സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും അത് സർക്കാരിന്റെ പ്രസ്റ്റീജ് പ്രോജക്ടായി നടപ്പിലാക്കുന്നതിന് തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്. അതിനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. ദീർഘനാളായി ആവശ്യപ്പെട്ട തൃശ്ശൂർ-മൈസൂർ ലൈൻ കേന്ദ്രസർക്കാർ അംഗീകരിച്ച് ശക്തിപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

നിലമ്പൂർ-നഞ്ചൻകോട്, ഗുരുവായൂർ-താനൂർ ഉൾപ്പെടെയുള്ളവ ഇപ്പോൾ അനുവദിച്ചിട്ടുണ്ട്. മോഡേണൈസേഷന്റെ ഭാഗമായി കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം സ്റ്റേഷനുകൾ ലോകോത്തര സ്റ്റേഷനുകളാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. സബർബൻ ട്രെയിനുകൾ കേരളത്തിൽ മുഴുവൻ യാഥാർത്ഥ്യമാകണമെങ്കിൽ കൊല്ലത്തുനിന്നും ആരംഭിച്ച് കൊല്ലം-തിരുവനന്തപുരം, കൊല്ലം-കോട്ടയം, കോട്ടയം-എറണാകുളം, എറണാകുളം-തൃശ്ശൂർ., കോഴിക്കോട്-കണ്ണൂർ എന്നിങ്ങനെ എല്ലാ ടൗണുകളെയും ജില്ലാ തലസ്ഥാനങ്ങളെയും തമ്മിൽ ബന്ധിപ്പിണം. എറണാകുളം-കോട്ടയം-ആലപ്പുഴ റെയിൽ ലൈനുകളുടെ ഡബിളിംഗിന് അംഗീകാരം കിട്ടിയിട്ടുണ്ട്. ഗുരുവായൂർ-താനൂർ പാതയുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണെന്നും അതിന് ഈ വർഷത്തെ ബഡ്ജറ്റിൽ 2.77 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

60 (* 244) <u>മൃഗശാലകളുടെ നവീകരണം</u>

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ ബേബി) നൽകിയ മറുപടിയിൽ, തിരുവനന്തപുരം മൃഗശാലയുടെ നവീകരണത്തിനായി ആധുനികവൽക്കരണം ഉദ്ദേശിച്ചിട്ടുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും മൃഗങ്ങൾക്ക് അവയുടെ ആവാസ വ്യവസ്ഥയ്ക്കനുയോജ്യമാംവിധമുള്ള തുറന്ന കൂടുകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ടന്നും തുടർ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. സംസ്ഥാനത്ത് തിരുവനന്തപുരത്തും തൃശ്ശൂരും മാത്രമാണ് മൃഗശാലകൾ നിലവിലുള്ളത് തിരുവനന്തപുരം മൃഗശാലയിൽ വിവിധ ഇനത്തിലുള്ള കുരങ്ങന്മാർ,

കരടികൾ, ചീങ്കണ്ണികൾ, ഉരഗങ്ങൾ, നീർനായ്, സിംഹം, ആന, കാണ്ടാമൃഗം, എന്നിവയ്ക്ക് തുറന്ന പരിബന്ധനങ്ങൾ നിർമ്മിക്കുന്നതിനും ചുറ്റുമതിൽ നിർമ്മാണത്തിനും വെറ്ററിനറി ഹോസ്പിറ്റൽ നവീകരണത്തിനും കേന്ദ്ര മൃഗശാല അതോറിറ്റിയിൽ നിന്ന് സഹായം ലഭിച്ചിട്ടുണ്ട്. കേന്ദ്ര മൃഗശാല അതോറിറ്റിയുടെ അനുമതിയോടുകൂടിയും വ്യവസ്ഥകളനുസരിച്ചും മാത്രമേ മൃഗശാലകൾ പ്രവർത്തിപ്പിക്കാൻ പറ്റുകയുള്ളൂ. സ്വകാര്യ വ്യക്തികൾക്ക് മൃഗശാലകൾ പ്രവർത്തിപ്പിക്കാൻ അനുമതിയില്ല. തിരുവനന്തപുരം മൃഗശാലയിൽ ആധുനിക ചികിത്സാ സൗകര്യങ്ങളുള്ള ആശുപത്രി പ്രവർത്തിച്ചുവരുന്നു. പുതുതായി മുംബൈ വി.ജെ.ബി. ഉദ്യാൻ ബൈക്കുളാ മൃഗശാലയിൽ നിന്നും ഒരു ആൺ ആനയേയും കൽക്കട്ടാ അലിപ്പൂർ മൃഗശാലയിൽ നിന്നും ഒരു പെൺ ജിറാഫിനേയും കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. തൃശ്ശൂർ മൃഗശാല മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പുമന്ത്രിയും ഉന്നതതല ഉദ്യോഗസ്ഥരും ഒന്നിലധികംതവണ യോഗം കൂടുകയും ഇത് ഘട്ടംഘട്ടമായി പുത്തൂരിലേയ്ക്ക് മാറ്റിസ്ഥാപിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുവേണ്ടി റവന്യൂ വകുപ്പ് 305 ഏക്കർ സ്ഥലം വനം വകുപ്പിന് കൈമാറുന്നതാണ്. ഇതിനാവശ്യമായ പണം വകയിരുത്താമെന്ന് ധനകാര്യ വകുപ്പുമന്ത്രി ഉറപ്പുനൽകിയിട്ടുണ്ട്. മൃഗശാലയിൽ മൃഗങ്ങൾക്കാവശ്യമായ ഭക്ഷണം നൽകുന്നതിൽ വന്നിട്ടുള്ള പരാതി പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. പുതിയ മൃഗശാലകൾ സ്ഥാപിക്കുമ്പോൾ മലബാർ, വയനാട്, കാസർഗോഡ് ജില്ലയിലെ വലിയപറമ്പ് എന്നിവിടങ്ങളിൽ മൃഗശാലകൾ ആരംഭിക്കുന്നകാര്യം പരിശോധിക്കാമെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

61 (*245) ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ നിയമനം

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (കമ്പ്യൂട്ടർ സയൻസ്) (സീനിയർ) നിയമനത്തിന് നിയമനനിരോധനം നിലവിലില്ലെന്നും പി.എസ്.സി.യിൽ നിന്നും നിയമനത്തിനായി ഇപ്പോൾ അഡ്വൈസ് മെമ്മോ ലഭിച്ചിട്ടുള്ളവർക്ക് 2007–08 അദ്ധ്യയനവർഷാരംഭത്തിൽ നിയമന ഉത്തരവ് നൽകുന്നതാണെന്നും സഭയെ അറിയിച്ചു. താൽക്കാലിക നിയമനം നടത്തുന്ന കാര്യം പരിശോധിക്കുന്നതാണെന്നും ഹയർ സെക്കന്ററി സ്കൂളുകളുടെയും ഹൈസ്കൂളുകളുടെയും നിലവാരം മെച്ചപ്പെടുത്തുകയും ആവശ്യമായ അധ്യാപകരെ നിയമിക്കുകയും ചെയ്യുക എന്നുള്ളതാണ് ഗവൺമെന്റിന്റെ സമീപനമെന്നും മന്ത്രി അറിയിച്ചു

**രേഖാമൂലം നൽകിയ ഉത്തരങ്ങൾ**

62 (* 249) മിച്ചഭൂമി

റവന്യൂ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് ആകെ 170484 ഏക്കർ മിച്ചഭൂമി ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് അറിയിച്ചു. മിച്ചഭൂമിയായി പ്രഖ്യാപിച്ച് ഉത്തരവിറക്കിയതിൽ 71223 ഏക്കർ ഭൂമിയാണ് ഇനിയും ഏറ്റെടുക്കാനുള്ളത്. മിച്ചഭൂമി കേസുകൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഏറ്റെടുത്ത ഭൂമി ഭൂരഹിത കർഷകത്തൊഴിലാളികൾക്ക് നിയമാനുസൃതമായി വിതരണം നടത്തിവരുന്നു.

63 (* 259) <u>റിപ്രോഗ്രാഫിക് സെന്ററുകളുടെ പ്രവർത്തനം</u>

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് കേരളാ സ്റ്റേറ്റ് ഓഡിയോ വിഷ്വൽ ആന്റ് റിപ്രോ ഗ്രാഫിക് സെന്ററിന്റെ കീഴിൽ 16 സെന്ററുകളാണുള്ളതെന്ന് അറിയിച്ചു. ഈ സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി 2006-07 സാമ്പ ത്തിക വർഷത്തിൽ പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി 8-5-2006-ലെ സർക്കാർ ഉത്തരവ് പ്രകാരം 206.07 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ സെന്ററിന്റെ ആവശ്യത്തിനായി വാർഷിക ഗ്രാന്റിനത്തിൽ 21.31 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിന്റെ അവസാന ഗഡു അനുവദിക്കുന്നതി നുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിനുപരിയായി റിപ്രോഗ്രാഫിക് സെന്റ റിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട നിർദ്ദേശം സർക്കാരിന്റെ പരിഗണന യിലാണ്.

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

61 (1787) <u>സർവ്വശിക്ഷാ അഭിയാൻ</u>

സർവ്വശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം സംസ്ഥാനത്ത് എല്ലാ ജില്ലക ളിലുമായി 2 -ാം ക്ളാസ്സ് മുതൽ 8 വരെയുള്ള 17 ലക്ഷം കുട്ടികൾക്ക് സൗജ ന്യമായി പാഠപുസ്തകവും ചോദ്യപേപ്പറും നൽകി. പ്രത്യേക പരിഗണന അർഹിക്കുന്ന 132000 വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് മെഡിക്കൽ ക്യാമ്പ് നടത്തുകയും 27000 കുട്ടികൾക്ക് ശ്രവണസഹായികൾ, കണ്ണടകൾ തുടങ്ങിയ ഉപകരണങ്ങൾ നൽകുകയും ചെയ്തു. 14000 കുട്ടികൾക്ക് ബദൽ സ്കൂളുകൾവഴി വിദ്യാഭ്യാസം, 129000 അധ്യാപകർക്ക് പരിശീലനം, 500 രൂപ വീതം ടീച്ചർ ഗ്രാന്റ് എന്നിവ നൽകിയിട്ടുണ്ട്. 14440 സുകൂളുകൾക്ക് ലൈബ്രറി കൾ മെച്ചപ്പെടുത്തുവാനും സ്കൂൾ അന്തരീക്ഷം മോടിപിടിപ്പിക്കുന്നതിനു

മായി 2000 രൂപ വീതം സ്കൂൾ ഗ്രാന്റ്, 5400 സ്കൂൾ യൂണിറ്റുകൾക്ക് 5000 രൂപവീതം അറ്റകുറ്റപ്പണികൾക്കായി മെയിന്റനൻസ് ഗ്രാന്റ് എന്നിവ നൽകി. സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി അധിക ക്ളാസ്സ് മുറികളുടെ നിർമ്മാണം, വൈദ്യുതീകരണം, ചുറ്റുമതിൽ, കുടിവെള്ളം മുതലായ പദ്ധതികളും നടപ്പിലാക്കി. ഈ പദ്ധതി പ്രകാരം ജില്ലകളിൽ ചെലവഴിച്ച തുക താഴെപ്പറയുന്നു:

| | രൂപ ലക്ഷത്തിൽ |
|---|---|
| തിരുവനന്തപുരം | 832.77 |
| കൊല്ലം | 683.38 |
| പത്തനംതിട്ട | 387.09 |
| ആലപ്പുഴ | 482.87 |
| കോട്ടയം | 434.59 |
| ഇടുക്കി | 365.50 |
| എറണാകുളം | 537.72 |
| തൃശ്ശൂർ | 721.79 |
| പാലക്കാട് | 626.15 |
| മലപ്പുറം | 782.47 |
| കോഴിക്കോട് | 758.62 |
| വയനാട് | 319.47 |
| കണ്ണൂർ | 807.07 |
| കാസർഗോഡ് | 515.89 |

62(1792) <u>സ്കൂളുകളിലെ ഒഴിവുകൾ നികത്താൻ നടപടി</u>

സംസ്ഥാനത്തെ സ്കൂളുകളിൽ ലോവർ പ്രൈമറി വിഭാഗത്തിൽ 1120–ഉം, അപ്പർ പ്രൈമറി വിഭാഗത്തിൽ 326–ഉം ഹൈസ്കൂൾ വിഭാഗത്തിൽ 636 –ഉം അധ്യാപകരുടെ സ്ഥിരം ഒഴിവുകൾ 2007–08 അധ്യയന വർഷാരംഭത്തോടുകൂടി നികത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

63(1804) <u>അൺ എയ്ഡഡ് സ്കൂളുകൾ</u>

സംസ്ഥാനത്ത് 2001–06 കാലയളവിൽ 495 അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

64 (1933, 1962) കയർ സഹകരണ സംഘങ്ങളിലെ പ്രതിസന്ധി

കയർ ഉല്പന്ന നിർമ്മാണ മേഖലയിൽ നിയമവിരുദ്ധമായി ഡിപ്പോ സമ്പ്രദായം നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 12–2–2007–ലെ സർക്കാർ ഉത്തരവ് പ്രകാരം പർച്ചേസ് പ്രൈസ് എൻഫോഴ്സ്മെന്റ് സ്കീം നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും ശക്തിപ്പെടുത്തലിനും ഒരു നൂതന പുനരുദ്ധാരണ പദ്ധതി 19–12–2006–ലെ സർക്കാർ ഉത്തരവ് പ്രകാരം ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതിനുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 1600 ലക്ഷം രൂപയിൽ 1438.21 ലക്ഷം രൂപ 28–2–2007 വരെ 362 കയർ സംഘങ്ങൾക്കായി വിതരണം ചെയ്തിട്ടുണ്ട്. ബാക്കി തുക 31–3–2007–നുമുമ്പായി വിതരണം ചെയ്യുന്നതാണ്. ഈ വർഷം 28–2–2007 വരെ കേരളാ കയർ കോർപ്പറേഷനിൽ 2.61 കോടി രൂപയുടെയും ഫോം മാറ്റിംഗ്സ് (ഇൻഡ്യാ) ലിമിറ്റഡിൽ 3.76 കോടി രൂപയുടെയും വ്യാപാരം നടന്നിട്ടുണ്ട്.

65 (1935, 1940) സഹകരണ നിക്ഷേപം – കേരളീയം

കേരളപിറവി സുവർണ്ണ ജൂബിലി ആഘോഷത്തിന്റെ ഭാഗമായി സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 1–11–2006 മുതൽ 31–1–2007 വരെ സംഘടിപ്പിച്ച 'സഹകരണ നിക്ഷേപം – കേരളീയം' ക്യാംപയിനിൽ 1260.80 കോടി രൂപയുടെ അധിക നിക്ഷേപം സമാഹരിച്ചിട്ടുണ്ട്.

66 (1936) കേരളീയം വിപണന കേന്ദ്രങ്ങൾ

വിലക്കയറ്റം പിടിച്ചുനിറുത്താനും ജനങ്ങൾക്ക് ആശ്വാസം നൽകാനുമായി സഹകരണ വകുപ്പ് 3228 'കേരളീയം' വിപണന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്.

67 (1939) <u>ആത്മഹത്യ ചെയ്ത കർഷകരുടെ വായ്പ എഴുതിത്തള്ളുന്നതിനുള്ള നടപടി</u>

ആത്മഹത്യ ചെയ്ത 448 കർഷകരുടെ പേരിൽ 477 കാർഷിക വായ്പകളിലായി സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ ബാക്കി നിൽപ്പുണ്ടായിരുന്ന 1,57,13,899 രൂപ 28–2–2007 വരെ എഴുതിത്തള്ളിയിട്ടുണ്ട്.

68 (1943) കർഷകർക്ക് സഹകരണ ബാങ്കുകളിൽനിന്ന് വായ്പ

കർഷകർക്ക് 893 സഹകരണ ബാങ്കുകൾവഴി അഞ്ചര ശതമാനം പലിശ നിരക്കിൽ കാർഷിക വായ്പ നൽകിവരുന്നുണ്ട്.

69 (1944, 1945) <u>ഹൗസിംഗ്/എഡ്യൂക്കേഷണൽ സഹകരണ സംഘങ്ങൾ</u>

സംസ്ഥാനത്ത് 310 ഹൗസിംഗ് സഹകരണ സംഘങ്ങളും 71 എഡ്യൂക്കേഷണൽ സഹകരണ സംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഹൗസിംഗ് സഹകരണ സംഘങ്ങളിൽ 68 എണ്ണം ലാഭത്തിലും 242 എണ്ണം നഷ്ടത്തിലുമാണ്. എഡ്യൂക്കേഷണൽ സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരി മൂലധനമായി പരമാവധി 5 ലക്ഷം രുപവരെയും മാനേജീരിയൽ സബ്സിഡി, പലിശ സബ്സിഡി എന്നീ ഇനങ്ങളിൽ 30,000 രൂപവീതം മൂന്നു വർഷത്തേയ്ക്ക് ധനസഹായം നൽകിവരുന്ന പദ്ധതിയും നിലവിലുണ്ട്.

70 (1958) <u>കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും കയറ്റുമതി</u>

കഴിഞ്ഞ വർഷം 508.44 കോടി രൂപയുടെ കയറും കയറുല്പന്നങ്ങളും ഇന്ത്യയിൽനിന്നും കയറ്റുമതി ചെയ്തിട്ടുണ്ട്. അതിൽ സഹകരണ സംഘങ്ങളുടെ പങ്ക് 44.76 ലക്ഷം രൂപയുടേതായിരുന്നു. ഈ വർഷം കഴിഞ്ഞ വർഷത്തേക്കാൾ 52 കോടി രൂപയുടെ കയറും കയറുല്പന്നങ്ങളും കൂടുതലായി കയറ്റുമതി ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

71 (1966) <u>ദേവസ്വത്തിന്റെ വരുമാനം</u>

2005–06, 2006–07 വർഷങ്ങളിലെ ദേവസ്വത്തിന്റെ വരുമാനം താഴെക്കൊടുക്കുന്നു.

| ദേവസ്വം | 2005–06 | 2006–07 |
|---|---|---|
| | (രൂപ) | |
| തിരുവിതാംകൂർ | 1,58,69,75,722 | 1,81,28,49,775 |
| കൊച്ചി | 42,67,05,892.07 | 30,54,33,263.97<br>ഒക്ടോബർ വരെ |
| ഗുരുവായൂർ | 75,88,86,922 | 54,90,10,558 |
| കൂടൽമാണിക്യം | 1,03,04,610 | 1,21,78,984 |